# റാന്തൽ

## ഡിജിറ്റൽ മാഗസിൻ



## എം.വി.എച്ച്.എസ്.എസ് അരുമാനൂർ

2019 - 2020

# സന്ദേശം

നമ്മുടെ വിദ്യാലയത്തിലെ യു.പി, എച്ച്.എസ് വിദ്യാർത്ഥികൾ 'റാന്തൽ ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. വിദ്യാർത്ഥികളുടെ സർഗവാസനകൾ വളർത്താനുതകുന്ന പരിശ്രമത്തിന് മനംനിറഞ്ഞ ആശംസകൾ.

-പ്രിൻസിപ്പൽ

# <u>സന്ദേശം</u>

അരുമാനൂർ സ്കൂളിന്റെ അഭിമാനമായ കുരുന്ന് പ്രതിഭകൾ 'റാന്തൽ' എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ തയാറാക്കി പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. സാഹിത്യലോകത്ത് ഈ പ്രതിഭകളുടെ വൈഭവം മേൽക്കുമേൽ ഉയരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഹെഡ്മിസ്ട്രസ്സ്

# മുഖമൊഴി

ക്ലാസ്സ്മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ നിന്നാണ് ഈ അക്ഷരപുസ്തകം യാഥാർത്ഥ്യമാവുന്നത്. സ്കൂൾ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാസിക തയാറാക്കണമെന്ന ആശയം സഹപാഠികളോടും കുഞ്ഞുകൂട്ടുകാരോടും പങ്കുവച്ചപ്പോൾ ലഭ്യമായ പ്രോത്സാഹനവും സഹകരണവും അത്ഭുതപ്പെടുത്തുന്നതായിരുന്നു. പഠിച്ചതും വായിച്ചതുമൊക്കെ ഊർജമാക്കി സ്വന്തം സൃഷ്ടികളിലേക്കാവാഹിച്ചപ്പോൾ ഉരുത്തിരിഞ്ഞതൊക്കെയും സർഗവൈഭവത്തിന്റെന്റെ പുതുകാൽവെപ്പുകളായിരുന്നു; പ്രതീക്ഷകളുടെയും.........

ഒരു മഹാപ്രളയത്തിന്റെ ഭീകരത നേരിട്ടനുഭവിച്ചവരാണ് നമ്മൾ മലയാളികൾ. സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും മാനുഷികഭാവങ്ങൾ പ്രതിഫലിപ്പിച്ച നന്മയുടെ ഉറവിടവും നമ്മൾ കണ്ടു.മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത മനസ്സുകളുടെ പ്രസീദാത്മകത നവ തലമുറയുടെ എഴുത്തിന് പുതുജീവൻ പകരട്ടെ.

ആശങ്കയിൽ നിന്നാണ് തുടങ്ങിയതെങ്കിലും ആശാവഹമായിരുന്നു ഓരോ ഘട്ടവും. അധ്യാപകരുടെ അകമഴിഞ്ഞ പ്രോത്സാഹനം പകർന്നുതന്ന കരുത്താണ് ഇതിന്റെ പൂർണ്ണത സാധ്യമാക്കിയത്. ഈ ഉദ്യമത്തിൽ എനിക്ക് പ്രചോദനമേകിയ ബഹുമാനപ്പെട്ട സ്കൂൾ മാനേജർ, അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞ പ്രിൻസിപ്പൽ ശ്രീ.സജിത്കുമാർ സാർ, ഹെഡ്മിസ്ട്രസ് ശ്രീമതി. ഭവ ടീച്ചർ എന്നിവർക്ക് ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കുന്നു.

- ജ്യോത്സ്ന. എ. രാജ്.

ക്ലാസ്സ് - ൭. D

## എഡിറ്റോറിയൽ ബോർഡ്

1) അഞ്ജലി എം എസ്

2) രേഷ്മ എസ് എൽ

3) യദു കൃഷ്ണ

## അധ്യാപക സഹായികൾ

1) ശ്രീ. എം. എസ്. ഷാജി

2) ശ്രീമതി. പി. വി. അജയകുമാരി

# അമ്മ

അമ്മ എന്ന പേരുകേട്ടാൽ
ജ്വലിക്കും കൈകളും
തുടിക്കും ഹൃദയവും
നിറയും കൺകളും
അമ്മ തന്ന സ്നേഹത്തിൻ ഉരുള
ഞാൻ എത്ര തിന്നു
കഥ പറയും മാലാഖയായ്
എന്നമ്മ എന്നുള്ളിൽ നിറഞ്ഞു നിന്നു
ഉള്ളിലില്ലാ കള്ളവും
കണ്ണിലുള്ളൊരാ സ്നേഹവും
സ്നേഹമായ് ജ്വലിക്കും കൺകളിൽ
എൻ രൂപം ഒരു നിഴലായ് പതിഞ്ഞു...

By
Anjali.M.S
IX.A

# ആർത്തിയുടെ ഫലം

രാമൻ ഒരു

കൃഷിക്കാരനായിരുന്നു അവൻ

ഒരിക്കൽ കൃഷിയിടത്തിലൂടെ

നടക്കുംപോള് അവന്റെ

കാലിൽ എന്തോ തട്ടി അവൻ

താഴെ നോക്കിയപ്പോള് ഒരു

കിഴി പണം. അവൻ അത്

ആരോടും പറയാതെ

കൊണ്ടുപോയി. അവൻ

വീട്ടിൽ ചെന്ന് ഈ കൈവന്ന

വിശേഷം തന്റെ ഭാര്യയോട്

പറഞ്ഞു അവർ സന്തോഷം

കൊണ്ട് തുള്ളി ചാടി . അവൻ
ആ പണം ആർത്തിയോടെ
പലിശക്ക് കൊടുത്ത് നാലിരട്ടി
ആക്കി. അവൻ കൂടുതൽ
അഹൻകാരിയാവുകയായിരുന്നു.
ഒരിക്കൽ ഒരു കള്ളൻ രാമന്റെ
വീട്ടിൽ മോഷണം നടത്തി
അവന്റെ മുഴുവൻ പണവും
കള്ളൻ കൊണ്ടു പോയി . ഈ
വാർത്ത വായു പോലെ നാടെ
ങ്ങും പരന്നു. അതോടെ
പലിശക്കാർ അയാളുടെ വീട്

വളഞ്ഞു. മറ്റൊരു
വഴിയുമില്ലാതിരുന്ന അയാള്
ഭാര്യയും കുട്ടി നാട്ട വിട്ടു.
അതിനുശേഷം അയാള് ആ
നാട്ടിൽ വന്നിട്ടില്ല.

കഥാരചയിതാവ്
അഞ്ജന.എം.എസ്

# <u>ഉപരാഷ്ട്രപതി</u>

ഇന്ത്യാഗവൺമെൻറിൽ രാഷ്ട്രപതിക്കുശേഷമുള്ള ഉയർന്ന പദവിയാണ് ഉപരാഷ്ട്രപതി. ഇന്ത്യൻ പാർലമെൻറിൻെറ ഉപരിസഭയായ രാജ്യസഭയുടെ അദ്ധ്യക്ഷൻ എന്നതും നിയമനിർമ്മാണാധികാരവും ഉപരാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നു. രാഷ്ട്രപതിയുടെ സ്ഥാനത്ത് ഏതെങ്കിലും സാഹചര്യത്തിൽ ഒഴിവുവരുന്ന പക്ഷം താൽക്കാലികമായി അദ്ദേഹത്തിൻെറ അധികാരങ്ങളെല്ലാം വിനിയോഗിക്കാനുള്ള ഉത്തരവാദിത്വം ഉപരാഷ്ട്രപതിക്കുണ്ട്. ഇന്ത്യൻ ഉപരാഷ്ട്രപതിയുടെ ഔദ്യോഗിക വസതിയാണ് വൈസ് പ്രസിഡൻറ് ഹൗസ്. ഉപരാഷ്ട്രപതിയെ നിയമിക്കുന്നത് ഒരു ഇലക്ടറൽ കോളേജാണ്. ഉപരാഷ്ട്രപതിയുടെ കാലാവധി അഞ്ച് വർഷമാണ്. ഇന്ത്യയിലെ ആദ്യ ഉപരാഷ്ട്രപതിയാണ് എസ്.രാധാകൃഷ്ണൻ. ഇപ്പോഴത്തെ ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു.

By
Greeshma.S.S
10 . A

# ക്കു...ക്കു...കോഴിക്കുഞ്ഞ്

ഒരു ദിവസം നമ്മുടെ പാവം ക്കു ക്കു കോഴിക്കുഞ്ഞ് ഒറ്റയ്ക്ക് പറമ്പിൽ ചിക്കിപെറുക്കി നടക്കുകയായിരുന്നു. അവൻെറ കൂട്ടുകാർ അകലെ തീറ്റ തിന്നുകയാണ്.ക്കു ക്കു കോഴിക്കുഞ്ഞിനെ കണ്ടപ്പോൾ അവർ കളിയാക്കാൻ തുടങ്ങി. അങ്ങനെ കളിയാക്കാൻ കാരണം അവന് മറ്റു കോഴികളെപ്പോലെ കൊക്കരക്കോ എന്ന് കൂവാൻ കഴിയില്ല. അയ്യയ്യേ.. പേടിതൊണ്ടനെ കണ്ടില്ലേ. ക്കു ക്കു കോഴിക്കുഞ്ഞേ വേഗം കാട്ടിലൊളിച്ചോളൂ... അത് കേട്ട് കാട്ടിലേക്ക് ഒളിക്കാൻ പോയ കോഴിക്കുഞ്ഞ് കണ്ടതെന്തന്നോ ചതിയൻ കേളു കുറുക്കൻ തൻെറ കൂട്ടുകാരെ പിടിക്കാൻ തക്കം പാർത്തിരിക്കുന്നു. അയ്യോ എങ്ങനെയെങ്കിലും കൂട്ടുകാരെ രക്ഷിക്കണം. കോഴിക്കുഞ്ഞ് ക്കു ക്കു എന്ന് കൂവാൻ തുടങ്ങി. അയ്യോ ഏതോ മനുഷ്യൻ കണ്ടുകഴിഞ്ഞു.അയാൾ ക്കു ക്കു എന്ന് കൂവി

ആളുകളെ വിളിച്ചു കൂട്ടുകയാണെന്ന് കേളു കുറുക്കൻ വിചാരിച്ചു. പേടിച്ചു വിറച്ച കേളു കുറുക്കൻ ഓടെടാ ഓട്ടം. അപ്പോഴാണ് മറ്റു കോഴികൾക്ക് സംഗതി പിടി കിട്ടിയത്. കോളു കുറുക്കനിൽ നിന്നും തങ്ങളെ രക്ഷിച്ച കോഴിക്കുഞ്ഞിനോട് അവർ നന്ദി പറഞ്ഞു. പിന്നീട് ആരും കോഴിക്കുഞ്ഞിനെ കളിയാക്കിയിട്ടില്ല.അവനെ അവർ കോഴിസംഘ-ത്തിൻെറ നേതാവാക്കുകയും ചെയ്തു.

By
Greeshma.S.S
10.A

# <u>ഗണിതക്വിസ്</u>

1, ആധുനിക ഗണിതശാസ്ത്രത്തിൻെറ പിതാവ്?

ദക്കാർത്ത

2,ഭാരതത്തിൻെറ 'യൂക്ലിഡ്' എന്നറിയപ്പെടുന്ന വനിത?

ഭാസ്കരാചാര്യർ

3,`ഹ്യൂമൻ കംപ്യൂട്ടർ' എന്നറിയപ്പെടുന്ന വനിത?

ശകുന്തളാദേവി

4,കാൽകുലേറ്റിങ് മെഷീൻ കണ്ടുപിടിച്ചത്?

ബ്ലെയ്സ് പാസ്കൽ

5,ഭാസ്കരാചാര്യരുടെ ഗണിതശാസ്ത്രഗ്രന്ഥത്തിൻെറ പേര്?

ലീലാവതി

6,സങ്കലനചിഹ്നം  കണ്ടുപിടിച്ചതാര്?

ജോഹാൻ വിഡ്മാൻ

7,നോബേൽ സമ്മാനം ലഭിച്ച തത്വചിന്തകനായ ഗണിതശാസ്ത്രജ്ഞൻ?

ബർട്രൻെറ് റസ്സൽ

8,വ്യലകലനചിഹ്നം കണ്ടുപിടിച്ചതാര്?

ജോഹാൻ വിഡ്മാൻ

9,ഗുണനചിഹ്നം  കണ്ടുപിടിച്ചതാര് ?

വില്യം ഔട്രഡ്

10,ഹരണ ചിഹ്നം കണ്ടുപിടിച്ചതാര് ?

ജോൺ പെൽ

11,സമചിഹ്നം  കണ്ടുപിടിച്ചതാര് ?

റോബർട്ട് റികാർഡ്

12,പൂജ്യം കണ്ടുപിടിച്ചത്  ഏതു രാഷ്ട്ര ക്കാർ ?

ഇന്ത്യ

13,ത്രികോണമിതി  കണ്ടുപിടിച്ചത്?

ഹിപ്പാർക്കസ്

14,ആകാശത്തേക്ക്  ഒരു കല്ലെറിഞ്ഞാൽ അത് നിർണയിക്കുന്ന  സഞ്ചാരപഥം ഏത് ആകൃതിയിലായിരിക്കും?

പരാബോള

15,ഗണിതശാസ്ത്രജ്ഞന്മാരുടെ ബൈബിൾ എന്നറിയപ്പെടുന്ന ഗ്രന്ഥം?

എലിമെൻ്റസ്

16,അനന്തങ്ങളുടെ എണ്ണം അനന്തമാണെന്ന്

കണ്ടെത്തിയ ശാസ്ത്രജ്ഞൻ?

കാൻ്റർ

17,പൈയുടെ മൂല്യം ശരിയായി കണക്കുകൂട്ടിയ

ഇന്ത്യാക്കാരൻ?

ആര്യഭടൻ

18,പൈയുടെ ഏകദേശ വില?

3.14

19,ജ്യോമട്രിയുടെ പിതാവ്?

യൂക്ലിഡ്

20,ലോഗരിതത്തിൻെറ പിതാവ്?

ജോൺ നേപ്പിയർ

By
Greeshma.S.S
10 . A

# തത്തമ്മ

ചുണ്ട് ചോന്ന നിറമുള്ള  തത്തമ്മ
പച്ച  നിറമുള്ള  തത്തമ്മ
നല്ല  രസമുള്ള  തത്തമ്മ
പാറി  നടക്കും  തത്തമ്മ
എന്റെ  സ്വന്തം  തത്തമ്മ
എന്റെ  വീട്ടിലുള്ള  തത്തമ്മ
ഞാൻ വളർത്തിയ തത്തമ്മ
എന്റെ അരികിൽ  വന്നിരിക്കും  തത്തമ്മ
ഞാൻ  വരച്ച  തത്തമ്മ
എനിക്ക്  ഇഷ്ടമുള്ള  തത്തമ്മ
തത്തമ്മേ  പൂച്ച..പൂച്ച...

By
Greeshma.S.S
10.A

# ദൈവത്തിൻെറ വികൃതി

അ എന്ന അക്ഷരം
അമ്മ എന്ന വാക്കിനാൽ
ധന്യമാം നേരം ഒരു കുഞ്ഞ്
പൈതം ഈ ലോകകാന്തി
ദർശിക്കും
അ എന്ന അക്ഷരം അമ്മയെന്ന
വാക്കിനാൽ
ദുഷിക്കും നിമിഷം ആ പൈതമീ
ലോകത്തോട് വിട പറയും
ഈ ലോകമിന്നെവിടേക്കോ???
തായ്മടി 'തേക്ക്' ടിയാകുന്ന കാലം
പാൽ നണഞ്ഞ ചുണ്ടുകൾ
ആ സ്ത്രീയെക്കൊണ്ട് വറ്റി
വരളുന്നകാലം
കളിപ്പിച്ച കരങ്ങളാൽ വലിച്ചെറിയുന്ന
കാലം

ലോകമേ നീയെവിടെക്കാാാ!!!

സാഹോദര്യമെന്തെന്നറിയാതെ

വഴിയോരം നിൽക്കുമമ്മയെ

അനുജത്തിയെ പിച്ചിച്ചീന്തുമീ.....

നരജന്മങ്ങൾ പാഴ്ജന്മങ്ങൾ

എന്തിനാണീ  അമ്മമാർ

കന്യമാർ പുലരിപുതുക്കുമ്പോൾ

അവൾ  പേടിക്കണം

എൻ  നിഴൽ  പതിയുന്ന പാതയാരൊ-

ക്കെ കാണുന്നെന്നവൾ പേടിക്കണം!

വിറയ്ക്കണം! കരയണം!

ഇതെന്തു ലോകം മനുഷ്യാ.....

ഡീ... ഇതെന്തു ജീവിതം നിനക്കു-

പറക്കണ്ടേ... ഉയരങ്ങളിലേക്ക്...

ലോകമൊട്ടാകെ  വഴിതടയുന്ന

കരങ്ങൾ രക്തമാൽ ചിന്തണം

അതിനായി നീ കാളിയാകണം

ആയേ മതിയാകൂ...

അതാണെൻ കൃതി

ദൈവത്തിൻ വികൃതി...

By
Anjali.M.S
IX.A

# നക്ഷത്രം

ആകാശത്തിലെ നക്ഷത്രം
ആയിരത്തോളം നക്ഷത്രം
മിന്നിത്തിളങ്ങുന്ന നക്ഷത്രം
കാണാൻ എന്തൊരു ഭംഗി
വെള്ളനിറമുള്ള നക്ഷത്രം
എന്നടെ കൂടെ വരുമോ നീ?
മിഠായിപോലുള്ള നക്ഷത്രം
മഞ്ഞുപോലുള്ള നക്ഷത്രം
എൻെറ സ്വന്തം നക്ഷത്രം

By
Greeshma.S.S
10.A

# പ്രാവ്

പ്രാവേ  പ്രാവേ  പ്രാവേ
പുള്ളിച്ചിറകുള്ള  പ്രാവേ
എൻെറ സ്വന്തം പ്രാവേ
എന്നോടൊപ്പം ചങ്ങാത്തം
കൂടാൻ വായോ
എൻെറ വീട്ടിലേക്കൊന്ന്
ചങ്ങാത്തം കൂടാൻ വായോ
ചോറു തരാം ഞാൻ
പഴം തരാം ഞാൻ
സുന്ദരി പ്രാവേ.......

By
Greeshma.S.S
10.A

# മുത്തശ്ശി

മുത്തശ്ശി... മുത്തശ്ശി...
നമ്മുടെ മുത്തശ്ശി...
പാട്ടും പാടും കഥയും പറയും
നമ്മുടെ മുത്തശ്ശി...
ഉറങ്ങാൻ വേണ്ടി താരാട്ടു പാടും
നമ്മുടെ മുത്തശ്ശി...
മുത്തശ്ശി... മുത്തശ്ശി...
പാവം മുത്തശ്ശി...

By
Greeshma.S.S
10.A

# വിഡ്ഢിയായ സിംഹം

പണ്ട് പണ്ട് ഒരു കാട്ടിൽ വിഡ്ഢിയായ ഒരു സിംഹരാജാവുണ്ടായിരുന്നു. ഈ സിംഹം എല്ലാ ദിവസവും കുറെ മൃഗങ്ങളെ ഭക്ഷണമാക്കുമായിരുന്നു. അങ്ങനെ ഒരു ദിവസം ഒരു മുയലിനെ കണ്ടു. ആ മുയലിനെ ഭക്ഷിക്കാൻ വേണ്ടി സിംഹം മുയലിന് നേരെ ചാടി. അപ്പോഴാണ് മുയലിന് ഒരു സൂത്രം തോന്നിയത്. മുയൽ ചോദിച്ചു:നിങ്ങളാരാണ്?എന്നെ നിനക്കറിയില്ലേ. ഞാനാണ് ഈ കാട്ടിലെ രാജാവ്- സിംഹം പറഞ്ഞു.

അല്ല ഞങ്ങളുടെ രാജാവ് അങ്ങ് ദൂരെ ഒരു കിണറ്റിലാണ് താമസിക്കുന്നത്- മുയൽ പറഞ്ഞു. ഏയ് ഞാനല്ലാതെ വേറെ ഏതു രാജാവ്? എനിക്ക് അവനെ ഒന്ന് കാണണമല്ലോ. എന്നാൽ ശരി. എൻെറ കൂടെ പോരൂ,ഞാൻ കാണിച്ചു തരാം. അങ്ങനെ അവർ രണ്ടു പേരും കൂടി അങ്ങ് ദൂരെയുള്ള കിണറ്റിനടുത്തേയ്ക്ക് പോയി. സിംഹമേ ഞങ്ങളുടെ രാജാവ് ഈ കിണറ്റിലാണ്. ങേ നീ പറഞ്ഞത്

ശരിയാ. എന്നെ പോലെ തന്നെയുണ്ട്. ഇന്ന ഞാൻ ഇവനെ തോൽപ്പിക്കും, എന്നിട്ട് ഞാൻ രാജാവാകും. അതും പറഞ്ഞ് സിംഹം ചാടി. മുയൽ പൊട്ടിച്ചിരിച്ചു. ഹ...ഹ...ഹ... വിഡ്ഢിയായ സിംഹം എന്നുപറഞ്ഞ് മുയൽ വീട്ടിലേക്ക് പോയി.

By
Greeshma.S.S
10.A

# സ്നേഹമാണ് വിജയം

ഒരു രാജ്യത്ത് ബഹുദേവൻ എന്ന രാജാവുണ്ടായിരുന്നു. വലിയ ദാനശീലനും ദയാലുനമായിരുന്നു അദ്ദേഹം.

അവിടെയുള്ള ജനങ്ങളെ ബഹുദേവന് വളരെയധികം ഇഷ്ടമായിരുന്നു. തിരിച്ചങ്ങോട്ടും. അതിനാൽ വളരെ സന്തോഷത്തോടെയായിരുന്നു അവിടെയുള്ള ജനങ്ങൾ കഴിഞ്ഞിരുന്നത്. എന്താവശ്യം വന്നാലും രാജാവ് അത് നിറവേറ്റിക്കൊടുക്കുമായിരുന്നു.

ഒരു ദിവസം കുറേയാളുകൾ രാജകൊട്ടാരത്തിലേക്ക് വന്നു. അവർ രാജാവിനോട് പറഞ്ഞു, നമ്മോട് യുദ്ധം ചെയ്യാൻ ഈ രാജ്യത്തേക്ക് അയൽരാജ്യത്തുള്ള രാജാവ് വരുന്നുണ്ട്. അവരെ എതിർക്കാൻ അങ്ങയുടെ കൈയിൽ ആയുധങ്ങളൊന്നു-മില്ലെന്ന് ഞങ്ങൾക്കറിയാം. അങ്ങയുടെ സേവനം ഇനിയും ഈ രാജ്യത്തിന് ആവശ്യമാണ് അതു

കൊണ്ട് അങ്ങയെ എതിർക്കാൻ വരുന്നവരോട് യുദ്ധം ചെയ്യാൻ ഞങ്ങളുമുണ്ടാകും.

ഇതും പറഞ്ഞ് അവർ പോയപ്പോൾ രാജാവ് ചിന്തിച്ചു. എന്നെ സ്നേഹിക്കുന്ന ജനങ്ങൾക്ക് ഒരു കാരണവശാലും ഒരു ബുദ്ധിമുട്ടും ഉണ്ടാകരുത്. ആ രാജ്യത്ത് ആരെയും എതിർക്കാൻ ഒരു ആയുധവും ഉണ്ടായിരുന്നില്ല. അതുകൊണ്ട് രാജാവ് തനിച്ച് യുദ്ധം ചെയ്യാൻ വരുന്നവരുടെ അടുത്തേക്ക് പോയി. അദ്ദേഹം അവരോട് പറഞ്ഞു, എൻെറ രാജ്യത്തെയാണ് നിങ്ങൾക്ക് വേണ്ടതെങ്കിൽ ആരെയും വേദനിപ്പിച്ച് കൊണ്ട് എടുക്കരുത്. എന്നെ എന്തു ചെയ്താലും എനിക്ക് കുഴപ്പമില്ല എന്ന് താഴ്മയോടെ രാജാവ് പറഞ്ഞു. തൻെറ ജനതയോടുള്ള രാജാവിൻെറ സ്നേഹം കണ്ട് അവർ തിരിച്ചുപോയി. പിന്നീടൊരിക്കലും ആരും അവിടേക്കും യുദ്ധം ചെയ്യാനായി വന്നിട്ടില്ല. അതിനാൽ അവിടെയുള്ളവർ സന്തോഷത്തോടെ ജീവിച്ചു.

ഗുണപാഠം:"സ്നേഹമുണ്ടെങ്കിൽ ഏതൊരു ശത്രുവിനെ-യും നേരിടാം"

By

Greeshma.S.S
10.A